**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 113** **28.10.2019-ൽ മറുപടിയ്ക്ക്**

**വാട്ടർ മെട്രോയുടെ പുരോഗതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ വാട്ടർ മെട്രോയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ; | (എ) | കാലാവസ്ഥാ വ്യതിയാന പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽപ്പെട്ട എട്ട് ടെർമിനലുകളുടെ നിർമ്മാണങ്ങൾ അവാർഡ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ടെർമിനലുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>100 യാത്രക്കാർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകളുടെ നിർമ്മാണത്തിനുള്ള അനുമതി കൊച്ചിൻ ഷിപ്പ് യാർഡിന് നൽകിയിട്ടുണ്ട്.<br>ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള (ജലാശയങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള) ടെണ്ടർ പ്രസിദ്ധീകരിച്ചു. |
| (ബി) | ഏതെല്ലാം ജലപാതകളെ ബന്ധിപ്പിച്ച് എത്ര കിലോമീറ്റർ പരിധിയിലാണ് പദ്ധതി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്; സ്റ്റേഷനുകൾ ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുക എന്ന് വിശദമാക്കാമോ; | (ബി) | 78 കിലോമീറ്ററിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>കൊച്ചി മെട്രോ ജലപാത ബന്ധപ്പെടുത്തുന്ന പ്രധാന ജലപാതകൾ താഴെപ്പറയുന്നവയാണ്.<br>ദേശീയ ജലപാത 3<br>ചമ്പക്കര കനാൽ<br>ഉദ്യോഗമണ്ഡൽ കനാൽ<br>സ്റ്റേഷനുകളിൽ കാത്തിരിപ്പ് കേന്ദ്രവും, വാഹന പാർക്കിംഗ് സൗകര്യവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പദ്ധതിക്കായുള്ള പാരിസ്ഥിതിക-തീരദേശ പരിപാലന നിയമാനുമതി ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സജ്ജമായോ എന്ന് വ്യക്തമാക്കാമോ? | (സി) | സജ്ജമായിട്ടുണ്ട്. വൈറ്റിലയിലും, കാക്കനാട്ടും ടെർമിനൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ